**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 457** **03-11-2021 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഓൺലൈൻ മയക്കുമരുന്നു വില്പന, കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ഫലപ്രദമായി തടയുന്നതിന് പോലീസിന് കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും അവ മുൻകൂട്ടി മനസ്സിലാക്കുന്നതിനുമായി സംശയാസ്പദമായ ഫെയ്സ്ബുക്ക് അക്കൗണ്ടുകൾ വാട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങി പ്രധാനപ്പെട്ട സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ നിരന്തരം സൈബർ പട്രോളിംഗുകൾ നടത്തി വരുന്നു. പോലീസിന്റെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജിൽ സൈബർ സെക്യൂരിറ്റി സംബന്ധിച്ച വിവരങ്ങളും സമീപകാലത്തുണ്ടായ ഓൺലൈൻ ദുരുപയോഗങ്ങൾ സംബന്ധിച്ചും പൊതു ജനങ്ങളുടെ അറിവിലേയ്ക്ക് വിവരങ്ങൾ പോസ്റ്റ് ചെയ്തു വരുന്നതുമാണ്. സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളും റസിഡൻസ് അസോസി യേഷനുകളും സ്കൂൾ പി.റ്റി.എ. കളും വഴി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികളിലെ മയക്കുമരുന്നുപയോഗം സംബന്ധിച്ചുള്ള ദൂഷ്യവശങ്ങളെക്കുറിച്ചും കുട്ടികൾ ഉൾപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിനും അതു സംബന്ധിച്ചുള്ള വിവരം ശേഖരിക്കുന്നതിനുമായി വെബി നാറുകളും, ക്ലാസ്സുകളും മറ്റും നിരന്തരം നടത്തിവരുന്നു. Child Sexual Abuse Material കൈമാറ്റം പോലെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ കണ്ടെത്തുന്നതിനും നിയമത്തിനു മുന്നിൽ കൊണ്ടുവരുന്ന തിനും Counter Child Sexual Exploitation Centre എന്ന സ്ഥാപനം സൈബർ ഡോമിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. Child Sexual Abuse Material നിർമ്മിക്കുന്നതിനും കാണുന്നതിനും പ്രചരിപ്പിക്കുന്നതിനും എതിരെ ആരംഭിച്ച ഓപ്പറേഷൻ |

| | | | |
|---|---|---|---|
| | | | പി-ഹണ്ടിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി പരിശോധന നടത്തുകയും, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, External Data Storage Devices പിടിച്ചെടുത്ത് IT ACT പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി സൈബർ സെല്ലിൽ പ്രത്യേക വിഭാഗം രൂപീകരിക്കാനും അവർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൂടി വരുന്ന പശ്ചാത്തലത്തിൽ, അവ കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷണത്തിന് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി, 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD) ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്. സൈബർ കുറ്റകൃത്യങ്ങൾതടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മുഖേന പോലീസ് ഉദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic-ൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുള്ളതും പരിശീലനം പൂർത്തി യാക്കിയ പോലീസ് ഉദ്യോഗസ്ഥരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ ഭീഷണികൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തുന്നതിനും സൈബർ സുരക്ഷ സംരക്ഷിക്കുന്ന തിനുമായി സൈബർ കഴിവുകൾ മെച്ചപ്പെടുത്തുന്നതിൽ കേരള പോലീസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി സൈബർ കഴിവുകൾ പരിഷ്കരിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുകയും സംസ്ഥാനത്തുടനീളമുള്ള 12,000 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തു. ഇവരുടെ സേവനം സൈബർ ക്രൈം കേസുകളുടെ അന്വേഷണത്തിന് ഉപയോഗപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ